റോം' കലക്കി.

# മിഷൻ ഐ.ടി. കമ്പ്യൂട്ടർ മലയാളം

മലയാളികളോടായി 'ഇനി കമ്പ്യൂട്ടറും നമ്മുടെ ഭാഷ സംസാരിക്കട്ടെ' എന്നുപറഞ്ഞത് വേറെയാരുമല്ല. വിവരസാങ്കേതികവിദ്യ മലയാളികളെ പഠിപ്പിക്കാനിറങ്ങിയ ഐ.ടി. മിഷനാണ്.

കമ്പ്യൂട്ടർ സംസാരിക്കുന്ന മലയാളഭാഷ എഴുതുമ്പോഠം പ്രാകൃതമാകുമോ. എന്നാൽ, എങ്ങനെ മലയാളഭാഷയെ പ്രാകൃതവത്കരിക്കാമെന്നാണ് സംസ്ഥാനത്തെ വിവരസാങ്കേതികവിദ്യയുടെ അപ്പോസ്തലനായ ഐ.ടി. മിഷൻ ഇറക്കിയ പത്രക്കുറിപ്പ് സൂചിപ്പിക്കുന്നത്. കഥയിങ്ങനെ: മലയാളം കമ്പ്യൂട്ടിങ്പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി കണ്ണൂരിൽ നിർവഹിച്ചതിന്റെ ചിത്രങ്ങളും വാർത്തയുമടങ്ങിയ നാലുപേജ് പത്രക്കുറിപ്പ് എല്ലാ പത്രമോഫീസുകളിലും ഐ.ടി. മിഷൻ എത്തിച്ചു. പത്രക്കുറിപ്പ് വായിച്ചവർ ആദ്യമൊന്ന് അമ്പരന്നു. പത്രക്കുറിപ്പിലെ ഭാഷ മലയാളം തന്നെയാണോ അതോ ഏതെങ്കിലും പ്രാകൃതഭാഷയാണോ എന്ന്. തുടക്കംതന്നെ ഇങ്ങനെ 'ഇനി കമ്പ്യൂട്ടറും നമ്മുടെ ഭാഷ സംസാരിക്കട്ടെ' എന്നാണ്. കേരളം 'കരേള'യായും. നാലുപേജ് പത്രക്കുറിപ്പിന്റെ തുടക്കം മുതൽ മലയാളഭാഷയെ അവഹേളിക്കുന്ന തരത്തിലായി ഐ.ടി. മിഷന്റെ മിഷൻ കമ്പ്യൂട്ടർ ഭാഷയും. പത്രകുറിപ്പ് കണ്ട ചില ദോഷൈകദൃക്കുകഠം അറിയാതെ പറഞ്ഞുപോയി, ഈ ഉദ്ഘാടനം കാസർകോടിന് അല്പം വടക്കായിരുന്നെങ്കിലെന്ന്.